പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4330 — 26.06.2014 - ൽ മറുപടിക്ക്

# ഭിന്നശേഷിയുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ. എസ്. സലീഖ | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങി ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കും സംരക്ഷണത്തിനുമായി ഈ സർക്കാർ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.ഇ.ഡി.എസ്സ്.എസ്സ്നു കീഴിൽ ഭിന്നശേഷിയുള്ള വിദ്യാർത്ഥികളെ ഇൻക്ലൂസീവ് എഡ്യൂക്കേഷന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിൽ ചേർത്ത് പഠിപ്പിക്കുന്നുണ്ട്. ഇവരെ പഠനത്തിൽ സഹായിക്കുന്നതിനായി റിസോഴ്സ് ടീച്ചർമാരുടെ സേവനം, ആയയുടെ സേവനം, സ്കൂളുകളിൽ തെറാപ്പി സേവനങ്ങൾ, റിസോഴ്സ് റൂമുകൾ, പഠനോപകരണങ്ങൾ, വ്യക്തിഗത സഹായോപകരണങ്ങൾ, വാസ്തു ശില്പപരമായ തടസ്സങ്ങൾ നീക്കം ചെയ്യൽ തുടങ്ങിയവയും സാമ്പത്തിക സഹായവും സഹായോപകരണങ്ങളും നൽകുന്നുണ്ട്. കൂടാതെ പൊതുപരീക്ഷകളിൽ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് വിവിധ പരീക്ഷാനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്.<br><br>സ്പെഷ്യൽ സ്കൂളുമായി ബന്ധപ്പെട്ട് ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങി ഭിന്നശേഷിയുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കും സംരക്ഷണത്തിനുമായി സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ച 292 സ്ഥാപനങ്ങൾ നിലവിലുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ എല്ലാ വർഷവും സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഭിന്ന ശേഷിയുള്ള കുട്ടികളെ എപ്രകാരം പഠിപ്പിക്കണമെന്നാണ് സംയോജിത വിദ്യാഭ്യാസ പദ്ധതി നിഷ്കർഷിച്ചിട്ടുള്ളത് : | (ബി) | സംയോജിത വിദ്യാഭ്യാസ പദ്ധതിയിൽ സങ്കലിത (ഇൻക്ലൂസീവ്) വിദ്യാഭ്യാസത്തിനാണ് ഊന്നൽ നൽകുന്നത്. സഹവിദ്യാർത്ഥികളോടൊപ്പം ഒന്നിച്ചുള്ള പഠനത്തിലൂടെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികളുടെ പഠന പുരോഗതി പദ്ധതി ലക്ഷ്യമിടുന്നു. കൂടാതെ, റിസോഴ്സ് അദ്ധ്യാപകരുടെ സേവനം, പ്രത്യേക ടീച്ചിംഗ്-ലേണിംഗ് മെറ്റീരിയൽസ്, റിസോഴ്സ് റൂം, അതിലേയ്ക്കുള്ള ഉപകരണങ്ങൾ എന്നിവ വഴി പഠനം സുഗമമാക്കാൻ സാധിക്കുന്നു. കൂടാതെ സാമ്പത്തിക സഹായവും പദ്ധതി വഴി നൽകി വരുന്നുണ്ട്. |
| (സി) | ഭിന്ന ശേഷിയുള്ള കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ; | (സി) | ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസികമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന നൂറിൽ കൂടുതൽ കുട്ടികളുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുവാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇതിനെപ്പറ്റി പഠിക്കാൻ സർക്കാർ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ; പ്രസ്തുത കമ്മീഷനിൽ ചെയർമാൻ ഉൾപ്പെടെ ആരൊക്കെയാണ് പ്രവർത്തിച്ചിരുന്നത് ; വ്യക്തമാക്കാമോ ; | (ഡി) & (ഇ) | ഈ വിഷയത്തിൽ പ്രത്യേക കമ്മീഷനെ സർക്കാർ നിയമിച്ചിട്ടില്ല. |
| (ഇ) | പ്രസ്തുത കമ്മീഷന്റെ നിർദ്ദേശപ്രകാരമാണോ സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നത് ; പ്രസ്തുത കമ്മീഷൻ ചെയർമാൻ തന്നെ ഒരു സ്പെഷ്യൽ സ്കൂളിന്റെ ഉടമയാണ് എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ; | | |

| | |
|---|---|
| (എഫ്) ഭിന്ന ശേഷിയുള്ള കുട്ടികളുടെ പഠനത്തിൽ വിവേചനം കാട്ടാതിരിക്കുവാനും സർക്കാർ സ്കൂളുകളിൽ ഇവർക്കായി പ്രത്യേകം പഠന-പരിശീലന-ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തി ഇവരെയും മുഖ്യധാരയിൽ കൊണ്ടുവരുവാനും എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (എഫ്) 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.ഇ.ഡി.എസ്സ്.എസ്സിനു കീഴിൽ പൊതുവിദ്യാലയങ്ങളിൽ മറ്റ് വിദ്യാർത്ഥികളോടൊപ്പം ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾ പഠിച്ചുവരുന്നു. ഇത്തരം വിദ്യാർത്ഥികൾക്ക് ഒരു കാരണവശാലും സ്കൂളുകളിൽ പ്രവേശനം നിഷേധിക്കരുത് എന്ന് സർക്കുലർ നിലവിലുണ്ട്. ഇവരെ പഠനത്തിൽ സഹായിക്കുന്നതിനായി റിസോഴ്സ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. കൂടാതെ റിസോഴ്സ് റൂം, അതിലേയ്ക്കുള്ള ഉപകരണങ്ങൾ ടീച്ചിംഗ്-ലേണിംഗ് മെറ്റീരിയൽസ് എന്നിവ വഴി പാഠഭാഗങ്ങൾ കുട്ടികൾക്ക് വ്യക്തമാക്കിക്കൊടുക്കുന്നതിന് സാധിക്കുന്നുണ്ട്. 83 സ്കൂളുകളിൽ സ്പീച്ച് തെറാപ്പി/ഫിസിയോ തെറാപ്പി സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സേവനങ്ങൾ ആ സ്കൂളിലെ മാത്രമല്ല അടുത്ത സ്കൂളുകളിലേയും കുട്ടികൾ പ്രയോജനപ്പെടുത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ